**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **18-01-2021 - ൽ മറുപടിയ്ക്ക്**

**റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ കെ. കുഞ്ഞിരാമൻ** | | **Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്‌ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ എത്ര ദൂരം ബി.എം. & ബി.സി. നിലവാരത്തിൽ പുനർനിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ 5611.81 കി.മീ, ദേശീയപാത വിഭാഗത്തിനു കീഴിൽ 1290.92 കി.മീ, കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ 358.65 കി.മീ കിഫ്ബിയിലുൾപ്പെടുത്തി 275.791 കി.മീ, RICK Ltd. ന് കീഴിൽ 83 കി.മീ റോഡുകൾ അടക്കം ആകെ 7690.29 കി.മീ ബി.എം. & ബി.സി. നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (ബി) | ദേശീയപാത വിഭാഗത്തിനു കീഴിൽ 2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാ നത്തിൽ റോഡ് ഗതാഗത യോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ച മുറയ്ക്ക് നടപ്പിലാക്കി വരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് |

| | | | |
|---|---|---|---|
| | | | (റോഡ് - 54 എണ്ണം, പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചും പുരോഗമിച്ചും വരുന്നു. ദേശീയപാത 766ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർ നിർമ്മിക്കുകയുണ്ടായി. 2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പെയറിലും 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഇത് കൂടാതെ 535 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെട്ട പട്ടികയുടെ അംഗീകാരം ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികൾ അംഗീകാരം ലഭിച്ച മുറയ്ക്ക് പുരോഗമിച്ചു വരികയാണ്. പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളെല്ലാം തന്നെ അടിയന്തരമായി ഗതാഗതയോഗ്യമാക്കുകയും റോഡുകൾ പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിരത്തു വിഭാഗത്തിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം മുതൽ എയർപോർട്ട് വരെയുള്ള റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ടി.പി.യ്ക്ക് കീഴിൽ സംസ്ഥാനത്താകെ 30 റോഡുകളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 9 റോഡുകളുടെ കരാർ ഒപ്പു വച്ച് പ്രവൃത്തി ആരംഭിച്ചു. 2 റോഡുകളുടെ ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. 18 റോഡുകളുടെ ടെണ്ടർ നടപടികൾ ആരംഭ ഘട്ടത്തിലാണ്. ഒരു റോഡിന് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | അതിവർഷം ഉണ്ടായാലും തകർച്ച ഉണ്ടാകാത്ത തരത്തിലാണോ റോഡുകൾ നിർമ്മിക്കുന്നത്; പദ്ധതിക്ക് ലോകബാങ്കിൽ നിന്നും ജർമ്മൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ; | (സി) | അതിവർഷത്തിലും തകരാത്ത തരത്തിൽ കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി കാലാവസ്ഥ അതിജീവന ക്ഷമതയുള്ളതുമായ നിർമ്മാണ ശൈലികളെക്കുറിച്ച് പഠനം നടത്തുകയും ഇവ ആവശ്യം വരുന്ന സ്ഥലങ്ങളിൽ നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് ലോകബാങ്കിന്റെയും ജർമ്മൻബാങ്കിന്റെയും വായ്പ ലഭ്യമായിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാരിന്റ കാലത്ത് നിർമ്മാണങ്ങളിലുണ്ടായ ഗുണനിലവാരമില്ലായ്മ ഉണ്ടാകില്ലെന്നുറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. I tier ക്വാളിറ്റി ടെസ്റ്റുകളുടെയും II tier ക്വാളിറ്റി ടെസ്റ്റുകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് കോൺട്രാക്ടറുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നത്. പ്രവൃത്തികൾ കരാർ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെയും ഉദ്യോഗസ്ഥർക്കെ തിരെയും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മാത്രമല്ല പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ